**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 440** — **16-09-2025 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പിൽ നിലവിലുള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | **വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ Structural drawing -നെ അടിസ്ഥാനപ്പെടുത്തി പുതുക്കിയ estimate-കൾ അംഗീകാരത്തിനായി കിഫ്ബിയിലും Technical Committee members-നും സമർപ്പിച്ചിരുന്നു. അവരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള തിരുത്തലുകൾ വരുത്തി തിരികെ സമർപ്പിച്ചിരുന്നു. ആയതിന്റെ Electromechanical ഘടകങ്ങളിൽ കിഫ്ബി നിർദ്ദേശിച്ചതനുസരിച്ചുള്ള മാറ്റങ്ങൾ എസ്റ്റിമേറ്റിൽ വരുത്തി ഉടനെ തന്നെ തിരികെ സമർപ്പിക്കുന്നതാണ്. കിഫ്ബിയുടെ Online Platform വഴിയാണ് മേൽപ്പറഞ്ഞ അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളത്.**<br><br>**സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള ഫയലാണ് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ളത്.**<br><br>**വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് മാത്രമായി പ്രത്യേകമായി ഫയൽ ഇല്ല.** |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | പദ്ധതിക്ക് കിഫ്ബിയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് ലഭ്യമായാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ